# SCHOOL

# ACADEMIC

# MASTER PLAN

## AUPS VELLIYANCHERY

## 2025-2026

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്ന അക്കാദമിക വർഷമാണിത്. സമഗ്രഗുണമേന്മ വിദ്യഭ്യാസം ഉറപ്പാക്കാൻ സ്കൂൾതലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട് പൊതുവിദ്യഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ അധ്യയനവർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും

ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# LP തലം സ്കൂൾ മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1

പ്രവർത്തനം (മലയാളം)

* ചിത്രങ്ങൾ നോക്കി പേരെഴുതുന്നു സചിത്രബുക്ക്.
* സംയുക്ത ഡയറി എഴുത്ത്.
* ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു ആ അക്ഷരം എഴുതുന്നു.
* ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി എഴുതുന്നു.
* സാങ്കൽപിക ഡയറി എഴുതുന്നു. വരികൾ കൂട്ടിച്ചേർക്കുന്നു.
* ചിത്രം നൽകുന്നു - അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.
* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.

പ്രവർത്തനം (ഇംഗ്ലീഷ്)

* Writing skills.
  → Word chain
  → Make word web.
  → Story telling.
  → Riddles.
  → Conversation.

പ്രവർത്തനം (ഗണിതം)

സംഖ്യകൾ തിരിച്ചറിയൽ → ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിവ്

പ്രവർത്തനം (പരിസരപഠനം)

പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ട് എന്ന് കണ്ടെത്തൽ.

→ പ്രകൃതിനടത്തം.
→ സസ്യ നിരീക്ഷണം.
→ പൂക്കളുടെ പ്രവർത്തനം

# ക്ലാസ്-1

## മലയാളം

ചുമതല - ക്ലാസ് ടീച്ചർ, SRG

കാലാവധി - 2025 ഒക്ടോബർ മുതൽ 2026 മാർച്ച് വരെ

സാമ്പത്തികം - MPTA

## ഇംഗ്ലീഷ്

ചുമതല - അധ്യാപകർ, രക്ഷിതാക്കൾ

കാലാവധി - 2025 ഡിസംബർ മുതൽ 2026 മാർച്ച് വരെ.

സാമ്പത്തികം - SMC

## ഗണിതം

ചുമതല - അധ്യാപകർ, രക്ഷിതാക്കൾ

കാലാവധി - ഡിസംബർ

സാമ്പത്തികം - ക്ലാസ് ടീച്ചർ SSA, SMC, SRG

## പരിസരപഠനം

ചുമതല - അധ്യാപകർ, PTA അംഗങ്ങൾ, രക്ഷിതാക്കൾ

കാലാവധി - ജൂൺ, ജൂലൈ

സാമ്പത്തികം - SMC

## ക്ലാസ് - 2

### പ്രവർത്തനം (മലയാളം)

രചനോത്സവം

കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

### പ്രവർത്തനം (ഇംഗ്ലീഷ്)

Reading Skill

Newspaper reading, library books reading. find words, collect and read past tense, rhyming words, reading cards, describing words etc..

### പ്രവർത്തനം (ഗണിതം)

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

→ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

→ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## ക്ലാസ്-2

### മലയാളം

ചുമതല - ക്ലാസ് ടീച്ചർ

കാലാവധി- ജൂൺ, ജൂലായ്

സാമ്പത്തികം- SRG

### ഇംഗ്ലീഷ്

ചുമതല - ക്ലാസ് ടീച്ചർ

കാലാവധി- 2025 ജൂൺ മുതൽ 2026 മാർച്ച് വരെ

### ഗണിതം

ചുമതല- ക്ലാസ് ടീച്ചർ

കാലാവധി - ആഗസ്റ്റ്

സാമ്പത്തികം- SRG.

## ക്ലാസ് -3

### പ്രവർത്തനം (പരിസര പഠനം)

പരിസരനടത്തം

-> നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ

-> മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു

-> പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

### പ്രവർത്തനം (ഇംഗ്ലീഷ്)

-> Games / Action songs

-> Hello English Activities

-> conversations

-> Skit stories

-> Library books reading

-> develop story

-> Reads diary

### പ്രവർത്തനം (ഗണിതം)

ചതുഷ്ക്രിയാ പഠനം

-> അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തി ബോർഡിലെ ഉത്തരമാണോ എന്ന് പരിശോധിക്കുന്നു.

-> സംഖ്യാ ചക്രം
സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.

## ക്ലാസ്-3

### പരിസരപഠനം

ചുമതല - ക്ലാസ് ടീച്ചർ, SRG.
കാലാവധി- ജൂൺ മുതൽ ഡിസംബർ വരെ
സാമ്പത്തികം - SRG.

### ഇംഗ്ലീഷ്

ചുമതല - ക്ലാസ് ടീച്ചർ, SRG
കാലാവധി- ജൂൺ, ജൂലൈ
സാമ്പത്തികം - SRG.

### ഗണിതം

ചുമതല - അധ്യാപകർ
കാലാവധി- 2025 ജൂലൈ മുതൽ 2026 ഫെബ്രുവരി വരെ
സാമ്പത്തികം - SRG

# ക്ലാസ് - 4

## പ്രവർത്തനം (മലയാളം)

കലക്കൂട്ട്

പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ: പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്
കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം.

## പ്രവർത്തനം (ഇംഗ്ലീഷ്)

ഇംഗ്ലീഷ് കോർണർ

വായനാ പരിപോഷണം :- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനാ പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ. വായനാ വേള ഒരുക്കൽ, വായനാക്കുറിപ്പ്, പുസ്തക പരിചയം.

## പ്രവർത്തനം (പരിസരപഠനം)

ഭൂപടമൊരുക്കാം.

കേരളം - ഇന്ത്യ ഭൂപടവായന, സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം.

## പ്രവർത്തനം (ഗണിതം)

പഠനോപകരണങ്ങളിലൂടെ

പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം.

## ക്ലാസ് 4

### മലയാളം

ചുമതല - HM, SRG, PTA, class Teacher

കാലാവധി - അക്കാദമിക വർഷം

സാമ്പത്തികം - PTA ഫണ്ട്

### ഇംഗ്ലീഷ്

ചുമതല - class Teacher

കാലാവധി - അക്കാദമിക വർഷം.

സാമ്പത്തികം - SRG

### പരിസരപഠനം

ചുമതല - SRG, class Teacher

കാലാവധി - അക്കാദമിക വർഷം

സാമ്പത്തികം - PTA

### ഗണിതം

ചുമതല - class Teacher

കാലാവധി - അക്കാദമികവർഷം

സാമ്പത്തികം - PTA.

### അറബി

ചുമതല - SRG, അധ്യാപകർ

കാലാവധി - ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ

സാമ്പത്തികം - SRG

## പ്രവർത്തനം (അറബി)

പദനിർമ്മാണം, പദശേഖരം

അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീ-
ലനം നൽകുന്നു.

പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരി-
ക്കാൻ അവസരം നൽകുന്നു.

പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു.

ദിനാചരണങ്ങൾ പരിചയപ്പെടൽ

ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള
പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരണങ്ങൾ നൽകുന്നു.

# UP തലം സ്കൂൾ മാസ്റ്റർ പ്ലാൻ

## മലയാളം

സംവാദം/മുഖാമുഖം

സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായി ഉള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.

ഇ- കമ്പ്യൂട്ടറിംഗ്

മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.

## അറബി

പുതിയ പദം പരിചയപ്പെടൽ

ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം.

കുട്ടികളുടെ സർഗാത്മ ശേഷി വർദ്ധിപ്പിക്കുക.

ചിത്രങ്ങൾ, ലഘുകവിതകൾ കഥകൾ സംഭാഷണം, പദപ്പട്ടിക കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു.

## മലയാളം

ചുമതല - ഹെഡ്മാസ്റ്റർ, മലയാളം അധ്യാപകർ

കാലാവധി- രണ്ട് വർഷം, വർഷത്തിൽ 2 തവണ.

സാമ്പത്തികം- PTA, മലയാളം ക്ലബ്ബ്

## അറബി

ചുമതല - SRG, അറബി അധ്യാപകർ

കാലാവധി- 2025 ജൂൺ മുതൽ 2026 മാർച്ച് വരെ.

സാമ്പത്തികം- SRG, PTA, അറബിക്ലബ്ബ്.

## സംസ്കൃതം

മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ

ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു, എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു, മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു.

ആസ്വാദന ലോകം

ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും സന്ദേഹവും നിവാരണം ചെയ്യുവാനും വേണ്ടി നാടകം, നൃത്ത തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.

ശ്ലോകം പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു.

മാസത്തിൽ ഒരിക്കൽ ആസ്വാദന സഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം.

## ഹിന്ദി

വായനാ കാർഡുകൾ തയ്യാറാക്കൽ

ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കുക. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കുക.

ഹിന്ദി മത്സരങ്ങൾ

ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തുക. കവിതാ രചന, പ്രസംഗം, കവിതാ പാരായണം, തുടങ്ങിയ മത്സരങ്ങൾ നടത്തുക. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകുക.

## സംസ്കൃതം

ചുമതല - അധ്യാപകർ, ഹെഡ്മാസ്റ്റർ

കാലാവധി - ജൂൺ മുതൽ മാർച്ച് വരെ.

സാമ്പത്തികം - PTA, സംസ്കൃതം ക്ലബ്ബ്.

## ഹിന്ദി

ചുമതല - ഹിന്ദി അധ്യാപകർ, SRG

കാലാവധി - അക്കാദമിക വർഷം

സാമ്പത്തികം - ഹിന്ദി ക്ലബ്ബ്, PTA, SRG

## ഇംഗ്ലീഷ്

പ്രവർത്തനം : Learing Ladder

പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ കഴിയുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.

പ്രവർത്തനം : The Grand camp

ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. അഞ്ചാം ക്ലാസിന് കഥപറയൽ, കഥയെഴുത്ത്, ആറിന് Role play, നാടകം എന്നിവ പ്രച്ഛന്ന വേഷരായി, ഏഴാം ക്ലാസിന് കവിത, പ്രസംഗം തുടങ്ങിയവ

## ഗണിതം

പ്രവർത്തനം : ഗണിത ശിൽപ്പശാല

കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, സ്മൈലി ബോളുകൾ, ബഹുവർണ ടോക്കണുകൾ, ചിത്ര കാർഡുകൾ, സങ്കലന വ്യവകലന വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു.

പ്രവർത്തനം : കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ

ഗണിത മാഗസിൻ തയ്യാറാക്കൽ,

## ഇംഗ്ലീഷ്

ചുമതല - ഇംഗ്ലീഷ് അധ്യാപകർ

കാലാവധി - അക്കാദമികവർഷം

സാമ്പത്തികം - ഇംഗ്ലീഷ് ക്ലബ്ബ് .

## ഗണിതം

ചുമതല - ഗണിത അധ്യാപകർ

കാലാവധി - അക്കാദമികവർഷം .

സാമ്പത്തികം - ഗണിതക്ലബ്ബ് .

## അടിസ്ഥാന ശാസ്ത്രം

പ്രവർത്തനം :1 കണ്ടറിയാനൊരു യാത്ര

ജൈവവൈവിധ്യം നിറഞ്ഞ സ്ഥലങ്ങൾ, കാവുകൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, പുഴയെ അറിയാൻ യാത്രകൾ

പ്രവർത്തനം 2. ശാസ്ത്ര മാസികകൾ വായിക്കാൻ അവസരം

സ്കൂൾ ലൈബ്രറിയിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട മാസികകൾ ഉൾക്കൊള്ളിക്കുന്നു.

## സാമൂഹ്യ ശാസ്ത്രം

1. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
2. പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ ict സാധ്യത പ്രയോജനപ്പെടുത്തി പഠിതാക്കളെ പരിചയപ്പെടുത്തുന്നു. അവ ഉണ്ടായാൽ ഉള്ള രക്ഷാപ്രവർത്തന മാർഗങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നു. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.

## അടിസ്ഥാനശാസ്ത്രം

ചുമതല - ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്

കാലാവധി - അക്കാദമിക വർഷം

സാമ്പത്തികം - SRG, PTA, സയൻസ് ക്ലബ്ബ്

## സാമൂഹ്യശാസ്ത്രം

ചുമതല - സാമൂഹ്യശാസ്ത്ര അധ്യാപകർ

കാലാവധി - അക്കാദമികവർഷം

സാമ്പത്തികം - SRG, സാമൂഹ്യശാസ്ത്രക്ലബ്ബ്, HM

# സ്കൂൾ തല പദ്ധതി:-

⇒ Spoken English

2025-26 അധ്യയന വർഷം മുതൽ എല്ലാ കുട്ടികൾക്കും Spoken English (Listening, Speaking, Reading & Writing) എന്ന ലക്ഷ്യവുമായി പ്രൈമറി തലം മുതൽ പ്രത്യേക കോച്ചിങ് ഉൾപ്പെടുത്തി.

കാലാവധി - 2025 June മുതൽ 2026 March വരെ

സാമ്പത്തികം - School